സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പുത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 133 2024 സെപ്തംബർ 04 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മുകേഷിന്റെ രാജിക്കായി മുറവിളി

കൊച്ചി: മലയാള സിനിമയെ പിടിച്ചുകുലുക്കിയ ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ തുടർച്ചകൾ സമാനതകളില്ലാത്ത പ്രതിസന്ധിയിലേക്കാണ് മലയാള സിനിമയെ തള്ളിവിട്ടത്. സിനിമയുടെ പിന്നാമ്പുറത്ത് അരങ്ങേറിയ ചൂഷണങ്ങളെക്കുറിച്ചുള്ള നടിമാരുടെ തുറന്നുപറച്ചിലുകൾ സൃഷ്ടിച്ച ഞെട്ടലുകളും അവസാനിച്ചിട്ടില്ല. പുതിയ വെളിപ്പെടുത്തലുകൾ ലോകമറിയുമ്പോൾ അതിനകം പുറത്തുവന്ന അതിക്രമങ്ങളിലെ നിയമനടപടിയും അതിവേഗം മുന്നോട്ടുപോകുന്നു. വെള്ളിത്തിരയിലെയും അണിയറയിലെയും ആരാധനാബിംബങ്ങൾക്ക് മേൽ ചാർത്തപ്പെട്ട തീരാക്കളങ്കങ്ങൾ പ്രേക്ഷകരിലും നടുക്കമാകുന്നു. സിനിമയുടെ എല്ലാ മേഖലകളിലേക്കും അതിന്റെ മാറ്റൊലികൾ പടരുന്നു മുകേഷിന്റെ രാജിക്കായി മുറവിളി

ആർഎസ്എസ് ജനറൽ സെക്രട്ടറിയുമായി എഡിജിപി കൂടിക്കാഴ്ച നടത്തി, അയച്ചത് മുഖ്യമന്ത്രി: സതീശൻ

തിരു: ആർഎസ്എസുമായി എഡിജിപി എം.ആർ. അജിത് കുമാർ മുഖാന്തരം മുഖ്യമന്ത്രി പിണറായി വിജയൻ ചർച്ചനടത്തിയെന്ന് ആരോപിച്ച് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. തൃശ്ശൂർപൂരം അജിത് കുമാറിനെ വെച്ച് കലക്കിയതിന് പിന്നിലും മുഖ്യമന്ത്രിയാണെന്ന് സതീശൻ ആരോപിച്ചു.

'2023 മെയ് 20 മുതൽ 22 വരെ തൃശ്ശൂർ പാറമേക്കാവ് വിദ്യാമന്ദിർ സ്കൂളിൽവെച്ച് ആർഎസ്എസിന്റെ ക്യാമ്പ് നടന്നിരുന്നു. ആ ക്യാമ്പിൽ ആർ. എസ്. എസ്. ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബളെ പങ്കെടുത്തിരുന്നു. അയാളെ കാണാൻ എഡിജിപി അജിത് കുമാറിനെ മുഖ്യമന്ത്രി പറഞ്ഞയച്ചിരുന്നോ', മുഖ്യമന്ത്രി മറുപടി പറയണമെന്ന് സതീശൻ പറഞ്ഞു.

ഹോട്ടൽ ഹയാത്തിൽ സ്വന്തം കാർ പാർക്ക് ചെയ്തശേഷം മറ്റൊരു സ്വകാര്യ കാറിലാണ് എഡിജിപി ആർഎസ്എസ് ജനറൽ സെക്രട്ടറിയെ കാണാൻ പോയത്. ഒരു മണിക്കൂർ ഇരുവരും കൂടിക്കാഴ്ച നടത്തി. ക്രമസമാധാന ചുമതലയുള്ള എഡിജിപി വഴി മുഖ്യമന്ത്രി എന്ത് കാര്യമാണ് ആർഎസ്എസ് ജനറൽ സെക്രട്ടറിയോട് സംവദിച്ചതെന്ന് അറിയണം. ഏത് വിഷയം തീർക്കാനാണ് ഇവർ ചർച്ചനടത്തിയത്. തിരുവനന്തപുരത്തുള്ള ഒരു ആർഎസ്എസ് നേതാവാണ് ഇതിൽ ഇടനില നിന്നത്. ആ ബന്ധമാണ് തൃശ്ശൂരിൽ പിന്നീട് തുടർന്നത്. തൃശ്ശൂർ പൂരം പോലീസ് കലക്കിയെന്നുള്ള ഗുരുതര ആരോപണം ഇപ്പോൾ ഭരണപക്ഷത്തുനിന്നുതന്നെ സമ്മതിച്ചിരിക്കുകയാണെന്നും സതീശൻ പറഞ്ഞു.

'തൃശ്ശൂരിലെ പോലീസ് കമ്മിഷണർ അഴിഞ്ഞാടിയത് രാവിലെ 11 മുതൽ പിറ്റേദിവസം ഏഴ് വരെയാണ്. ഈ സമയത്ത് അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥനായ എഡിജിപി അജിത്കുമാർ തൃശ്ശൂരിലുണ്ടായിരുന്നു. എന്നിട്ട് എന്തുകൊണ്ട് ഇടപെട്ടില്ല. സംസ്ഥാനത്ത് അത്രയും വലിയ ആൾക്കൂട്ടം എത്തുന്ന പരിപാടി സ്വാഭാവികമായി ക്രമസമാധാന ചുമതലയുള്ള എഡിജിപി നിരീക്ഷിച്ചുകൊണ്ടിരിക്കണമല്ലോ. എന്നിട്ട് എന്തുകൊണ്ട് ഇടപെട്ടില്ലെന്നും പ്രതിപക്ഷ നേതാവ് ചോദിച്ചു. തൃശ്ശൂർ പൂരം കലക്കി ബിജെപിക്ക് വിജയിക്കാൻ അവസരമൊരുക്കിയത് മുഖ്യമന്ത്രി പിണറായി വിജയന്റെ അറിവോടുകൂടിയാണ്. അതിന് നേതൃത്വം നൽകിയ ആളാണ് എഡിജിപി', സതീശൻ കൂട്ടിച്ചേർത്തു.

കൊലപാതകം, സ്വർണക്കടത്ത്, സ്വർണംപൊട്ടിക്കൽ, ലഹരിമരുന്ന്, കൈക്കൂലി തുടങ്ങിയ ഗുരുതരമായ ആരോപണങ്ങൾ വന്നിട്ടും എഡിജിപി അജിത് കുമാറിനും അദ്ദേഹത്തിന് എല്ലാവിധ പിന്തുണയും നൽകുന്ന പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിക്കും സംരക്ഷണംനൽകുകയാണ് മുഖ്യമന്ത്രി. ആർഎസ്എസ് ബന്ധമാണ് ഇതിന് പിന്നിൽ. നേരത്തേമുതലുള്ള മുഖ്യമന്ത്രിയുടെ ആർഎസ്എസ് ബന്ധം ഇപ്പോൾ കുറച്ചുകൂടി മറനീക്കി വ്യക്തമാകുകയാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

കാറും ലോറിയും കൂട്ടിയിടിച്ചു; യാത്രക്കാരനും കാർ ഡ്രൈവറും മരിച്ചു

കോഴിക്കോട് വടകര മുക്കാളി ബ്ലോക്ക് ഓഫീസിന് സമീപം കാറും ലോറിയും കൂട്ടിയിടിച്ച് രണ്ടു പേർ മരിച്ചു. കാർ ഡ്രൈവർ തലശ്ശേരി ചേറ്റം കുന്ന് സ്വദേശി ജുബി, ന്യൂ മാഹി സ്വദേശി ഷിജിൽ എന്നിവരാണ് മരിച്ചത്. രാവിലെ 6.45 ഓടെയാണ് അപകടമുണ്ടായത് കോഴിക്കോട് ഭാഗത്ത് നിന്നു വന്ന കാറും തലശേരി ഭാഗത്ത് നിന്നു വന്ന ലോറിയുമാണ് കൂട്ടിയിടിച്ചത്. ലോറിയിലേക്ക് ഇടിച്ച ആഘാതത്തിൽ കാറിന്റെ മുൻഭാഗം പൂർണമായും തകർന്നു. മൃതദേഹങ്ങൾ ജില്ല ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഷിജിൽ അമേരിക്കയിൽ നിന്ന് വീട്ടിലേക്ക് വരുന്നതിനിടെയാണ് അപകടമുണ്ടായത്. ഫയർ ഫോഴ്സും നാട്ടുകാരും ചേർന്ന് കാറിൽ കുടുങ്ങിയവരെ വടകരയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

അൻവറിന്റെ ആരോപണങ്ങൾ ഗൗരവതരം, സംസ്ഥാന സെക്രട്ടേറിയറ്റ് ചർച്ചചെയ്യും

തിരു: ഇടത് സ്വതന്ത്ര എം.എൽ.എ. പി.വി. അൻവർ ഉന്നയിച്ച ആരോപണങ്ങൾ സി.പി.എം. അന്വേഷിക്കും. ആരോപണങ്ങൾ സംബന്ധിച്ച് സംസ്ഥാന സെക്രട്ടേറിയറ്റ് ചർച്ചചെയ്യും. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിക്കെതിരായ ആരോപണങ്ങൾ ഗൗരവതരമെന്നും പാർട്ടി വിലയിരുത്തുന്നെന്നാണ് സൂചന.നേരത്തെ, സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവർക്ക് അൻവർ പരാതി സമർപ്പിച്ചിരുന്നു.

വെള്ളിയാഴ്ച ചേരുന്ന സംസ്ഥാന സെക്രട്ടേറിയറ്റ് പരാതി ചർച്ചചെയ്യുമെന്നാണ് ലഭിക്കുന്ന വിവരം. ഇതിനുശേഷം, അന്വേഷണ നടപടികളിലേക്ക് പാർട്ടി കടന്നേക്കും. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിക്കെതിരെ പാർട്ടി അന്വേഷിക്കുന്ന സാഹചര്യം സർക്കാരിനെ പ്രതിസന്ധിയിലാക്കുമെന്നാണ് വിലയിരുത്തൽ. അദ്ദേഹത്തിനെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടിയിലേക്ക് പാർട്ടി നീങ്ങുമോ എന്നതും വ്യക്തമാകേണ്ടതുണ്ട്.

പി. ശശിക്ക് എതിരായി ആരോപണം ഉന്നയിച്ചതുകൊണ്ടുമാത്രം കുറ്റവാളിയാകുന്നില്ലെന്ന നിലപാടിലാടാണ് വിഷയത്തിൽ എൽ.ഡി.എഫ്. കൺവീനർ ടി.പി. രാമകൃഷ്ണൻ സ്വീകരിച്ചത്. ആരോപണം തെറ്റോ ശരിയോ എന്നു കണ്ടെത്തണം. ശരിയാണെങ്കിൽ ഗൗരവമുള്ളതാണ്. അൻവറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തി, കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയതായും അദ്ദേഹം അറിയിച്ചു.

വിഷയത്തിൽ കൃത്യമായ അന്വേഷണം ആവശ്യമാണെന്ന നിലപാടിലാണ് പി.വി. അൻവർ. എഡിജിപിക്കെതിരെയുള്ള പരാതി അന്വേഷിക്കാൻ അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനെ നിയോഗിച്ചതിലുള്ള അതൃപ്തിയും അദ്ദേഹം പ്രകടിപ്പിച്ചു. ഹെഡ് മാസ്റ്ററേക്കുറിച്ചന്വേഷിക്കുന്നത് പ്യൂണാകരുതെന്നും അങ്ങനെ ഉണ്ടായാൽ അതിന്റെ ഉത്തരവാദിത്വം പാർട്ടിക്കും സർക്കാരിനുമുണ്ടാകുമെന്നും അൻവർ ഓർമിപ്പിച്ചിരുന്നു.

ഓഹരി വിപണിയിൽ ഇടിവ്

മുംബൈ:ആഗോള വിപണിയിലുണ്ടായ തിരിച്ചടിക്ക് പിന്നാലെ സെൻസെക്സും നിഫ്റ്റിയിലും ഇടിവ്. സെൻസെക്സ് 576 പോയിന്റിലധികം ഇടിഞ്ഞ് 81,833.69 നിലവാരത്തിലേക്ക് വരെ താഴ്ന്നു. 25,083.80 ആണ് നിഫ്റ്റിയുടെ ഇന്നത്തെ താഴ്ന്ന നിലവാരം. അമേരിക്കയിലെ തൊഴിൽ ഡാറ്റയ്ക്ക് മുന്നോടിയായി മാന്ദ്യത്തെ പറ്റിയുള്ള ആശങ്കകളാണ് വിപണിയെ സ്വാധീനിച്ചത്.

ചെന്നൈയിലെത്താൻ ഇനി വെറും 9 മണിക്കൂർ

തിരു : കേരളത്തിലൂടെ ഓടുന്നില്ലെങ്കിലും മലയാളികൾക്ക് അനുഗ്രഹമായി ചെന്നൈ സെൻട്രൽ– നാഗർകോവിൽ വന്ദേഭാരത് സ്പെഷ്യൽ സർവീസ്. വളരെ കുറഞ്ഞ സമയത്തിൽ ചെന്നൈയിൽ എത്താം എന്നുള്ളതാണ് പ്രധാന പ്രത്യേകത. തിരുവനന്തപുരത്തുകാർക്കാണ് ഏറെ പ്രയോജനപ്പെടുക.

തിരുവനന്തപുരത്തുനിന്ന് ട്രെയിനിൽ നാഗർകോവിലിൽ എത്തി അവിടെ നിന്ന് ഈ വന്ദേഭാരതിൽ കയറി ചെന്നൈയിലെത്തിയാൽ യാത്രാസമയത്തിൽ കുറഞ്ഞത് ഏഴുമണിക്കൂർ ലാഭിക്കാനാവും. നിലവിൽ 14 മുതൽ 17 മണിക്കൂർ വരെയാണ് ചെന്നൈയിലെത്താൽ വേണ്ടത്. എന്നാൽ വന്ദേഭാരത് സ്പെഷ്യൽ ട്രെയിനിൽ ഇതിന് വെറും 9 മണിക്കൂർ മാത്രം മതിയാവും.

തിരുവനന്തപുരത്തുനിന്ന് നാഗർകോവിലിൽ എത്താൻ മറ്റു രണ്ടുട്രെയിനുകൾ കൂടിയുണ്ട്. രാവിലെ 9.10ന് പുറപ്പെടുന്ന പൂനൈ– കന്യാകുമാരി എക്സ്പ്രസും 11.35 ന് പുറപ്പെടുന്ന തിരുവനന്തപുരം തിരിച്ചറപ്പള്ളി ഇന്റർസിറ്റി എക്സ്പ്രസും. ഉച്ചയ്ക്ക് പന്ത്രണ്ടര കഴിയുന്നതോടെ ഇവ നാഗർകോവിലിലെത്തുക.

നടൻ വി.പി രാമചന്ദ്രൻ അന്തരിച്ചു

തൃശൂർ:സീരിയൽ, സിനിമാ നടനും ഡബ്ബിങ് ആർടിസ്റ്റുമായ വി.പി രാമചന്ദ്രൻ (81) അന്തരിച്ചു.പയ്യന്നൂർ സ്വദേശിയും സംഗീത നാടക അക്കാദമി അവാർഡ് ജേതാവും റിട്ടയേർഡ് എയർ ഫോഴ്സ് ഉദ്യോഗസ്ഥനും അമേരിക്കൻ കോൺസുലേറ്റ് ജീവനക്കാരനുമായിരുന്നു. സംസ്കാരം നാളെ(5) രാവിലെ 9 മണിക്ക്. 1987 മുതൽ 2016 വരെ സിനിമയിൽ സജീവമായിരുന്നു. 19 സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.

ആയിരം പൗരന്മാർ മരണപ്പെട്ടു; പിന്നാലെ മുപ്പത് ഉദ്യോഗസ്ഥരെ വധിക്കാൻ ഉത്തരവിട്ട് കിം ജോംഗ് ഉൻ

പ്യോഗ്യാംഗ്: കഴിഞ്ഞ ജൂലായിൽ ഉത്തര കൊറിയയിലുണ്ടായ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും ആയിരത്തിലധികം ആളുകൾ മരിച്ചിരുന്നു. മരണം തടയുന്നതിൽ വീഴ്ച്ച വരുത്തിയ സർക്കാർ ഉദ്യോഗസ്ഥരെ വധിക്കാൻ ഉത്തരവിട്ടിരിക്കുകയാണ് പ്രസിഡന്റ് കിം ജോംഗ് ഉൻ. ചാഗാങ് പ്രവിശ്യയിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലുകളിലും നിരവധി പേർ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

ജനങ്ങളുടെ മരണം തടയുന്നതിൽ ഉദ്യോഗസ്ഥർ പരാജയപ്പെട്ടത് ചൂണ്ടിക്കാട്ടിയാണ് നടപടി. 30 ഉദ്യോഗസ്ഥരെയാണ് വധിക്കാൻ കിം തീരുമാനിച്ചതെന്ന് ദക്ഷിണ കൊറിയ മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ജനങ്ങളുടെ മരണത്തിന് ഉത്തരവാദിയായവർക്കെതിരെ ശക്തമായ നടപടിയെടുക്കുമെന്ന് അടുത്തിടെ ഉത്തര കൊറിയൻ അധികൃതർ അറിയിച്ചിരുന്നു. അതേസമയം, ഇതിനോടകം തന്നെ 30 ഓളം ഉദ്യോഗസ്ഥരെ ഉത്തര കൊറിയയിൽ വധിച്ചതായും റിപ്പോർട്ടുണ്ട്.

ഉത്തരകൊറിയയിലെ ആഭ്യന്തരകാര്യങ്ങൾ അതീവരഹസ്യമായതിനാൽ വിശദാംശങ്ങൾ സ്ഥിരീകരിക്കാൻ പ്രായസമാണ്. എന്നാൽ ചൈനയുടെ അതിർത്തിക്കടത്തുള്ള ചാഗങ് പ്രവിശ്യയിലെ വെള്ളപ്പൊക്കത്തിന് പിന്നാലെ സർക്കാർ ഉദ്യോഗസ്ഥരെ കർശനമായി ശിക്ഷിക്കാൻ കിം അധികാരികളോട് ഉത്തരവിട്ടതായി ഉത്തരകൊറിയ സെൻട്രൽ ന്യൂസ് ഏജൻസി ജൂലായിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പുറത്താക്കിയ ചഗാങ് പ്രവിശ്യാ പാർട്ടി സെക്രട്ടറി കാംഗ് ബോംഗ് ഹൂണിനെതിരെ അന്വേഷണം തുടരുകയാണ്. ജൂലായിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ആയിരത്തിലധികം പേർ മരിച്ചതായും 4,100 വീടുകളും ഏക്കർ കണക്കിന് കൃഷി ഭൂമികളും നശിച്ചതായി ദക്ഷിണ കൊറിയൻ മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

വിനേഷ് ഫോഗട്ടും ബജംഗ് പുനിയയും രാഷ്ട്രീയ ഗോദയിലേക്ക്; കോൺഗ്രസ് സ്ഥാനാർത്ഥികളായി മത്സരിക്കും

ന്യൂഡൽഹി: ഗുസ്തി താരങ്ങളായ വിനേഷ് ഫോഗട്ടും ബജ്ംഗ് പുനിയയും ഹരിയാന തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥികളായി മത്സരിക്കും. ഒക്ടോബർ 5നാണ് ഹരിയാനയിൽ വോട്ടെടുപ്പ് നടക്കുക. കോൺഗ്രസ് സ്ഥാനാർത്ഥിയായി വിനേഷ് ഫോഗട്ട് മത്സരിക്കുമെന്ന് നേരത്തെ അഭ്യൂഹങ്ങൾ ഉണ്ടായിരുന്നു.

ഇന്ന് വിനേഷ് ഫോഗട്ടും ബജ്ംഗ് പുനിയയും രാഹുൽ ഗാന്ധിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. അതിന് ശേഷമാണ് തിരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന റിപ്പോർട്ട് പുറത്തുവന്നത്. വിനേഷ് ജുലാന സീറ്റിൽ മത്സരിക്കുമെന്നാണ് വിവരം. ജനനായക് ജനതാ പാർട്ടിയുടെ അമർജീത് ധണ്ഡയാണ് അവിടത്തെ നിലവിലെ നിയമസഭാ അംഗം. ബജ്ംഗ് പുനിയയുടെ സീറ്റിനെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുവന്നിട്ടില്ല.

അന്താരാഷ്ട്ര കായിക കോടതിയിൽ തന്റെ അപ്പീൽ തള്ളിയതിന് ശേഷം പാരീസിൽ നിന്ന് ഇന്ത്യയിലേക്ക് മടങ്ങിയ വിനേഷിന് ഗംഭീരസ്വീകരണമാണ് ലഭിച്ചത്. ന്യൂഡൽഹി അന്താരാഷ്ട്ര വിമാനത്താവളം മുതൽ ഹരിയാന സോണിപ്പത്തിലുള്ള വീടുവരെ 110 കിലോമീറ്റർ ദൂരത്ത് പതിനായിരങ്ങളാണ് വിനേഷിന് സ്വീകരണമർപ്പിക്കാൻ കാത്തുനിന്നത്. വിനേഷിന് ലഭിച്ച ഈ ജനപിന്തുണയാണ് അവരെ രാഷ്ട്രീയത്തിലിറക്കാൻ കോൺഗ്രസിനെ പ്രേരിപ്പിക്കുന്നതെന്നാണ് വിവരം.

കോൺഗ്രസ് നേതാവും എം.പിയുമായ ദീപേന്ദ്ര ഹൂഡയുടെ നേതൃത്വത്തിലായിരുന്നു വിനേഷിന് സ്വീകരണം നൽകിയത്.

ബി.ജെ.പി. നേതൃത്വവും വിനേഷിന് വരവേല്പൊരുക്കാനുള്ള പദ്ധതികൾ തയ്യാറാക്കിയിരുന്നെങ്കിലും ഹൂഡ അതിനെയൊക്കെ മറികടന്ന് ഡൽഹി വിമാനത്താവളത്തിൽ വെച്ച് വിനേഷിനെ സ്വീകരിച്ചു. ബജ്റംഗ് പുനിയ, സാക്ഷി മാലിക് അടക്കമുള്ള താരങ്ങളും ദീപേന്ദ്ര ഹൂഡയ്ക്കൊപ്പം അണിനിരന്നിരുന്നു.

തമിഴ് സിനിമയിലും ലൈംഗികാതിക്രമം, അന്വേഷിച്ചാൽ 500 പേരെങ്കിലും കുടുങ്ങും:നടി രേഖാ നായർ

ചെന്നൈ: തമിഴ് സിനിമയിൽ സ്ത്രീകൾക്കുനേരെ നടക്കുന്ന ലൈംഗികാതിക്രമങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയാൽ പ്രമുഖരടക്കം 500 പേരെങ്കിലും കുടുങ്ങുമെന്ന് നടി രേഖാ നായർ. നടിമാർക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ മലയാളത്തിലേക്കാൾ തമിഴിൽ കൂടുതലാണ്. ഇതിനെതിരേ ശബ്ദമുയർത്താൻ എല്ലാവർക്കും ഭയമാണ്. മുൻപ് താൻ ശ്രമിച്ചതോടെ അവസരങ്ങൾ നഷ്ടമായെന്നും രേഖാ നായർ പറഞ്ഞു.

മലയാളിയായ രേഖ സിനിമകളിൽ അത്ര സജീവമല്ലെങ്കിലും ടി.വി. ഷോകളിലൂടെയും സീരിയലുകളിലൂടെയും തമിഴ്നാട്ടിൽ ശ്രദ്ധിക്കപ്പെട്ട താരമാണ്.

കേരളത്തിൽ റിപ്പോർട്ട് ചെയ്യുന്ന കുറ്റകൃത്യങ്ങളിൽ വിശദമായ അന്വേഷണം നടക്കും. അതിനാൽ കുറ്റകൃത്യങ്ങൾ വേഗത്തിൽ വെളിച്ചത്തു വരും. ഇതിനർഥം മലയാളസിനിമയിൽ മാത്രമാണ് പ്രശ്നങ്ങളെന്നല്ല. തമിഴ് സിനിമയിൽ സ്ത്രീകൾ വ്യാപകമായി അതിക്രമം നേരിടുന്നുണ്ട്. ഇതുകാരണം മലയാളിയായ ഒരു നടിക്ക് ഇവിടെനിന്ന് താമസം മാറ്റേണ്ടിവന്നിട്ടുണ്ടെന്നും രേഖാ നായർ പറഞ്ഞു.

മരത്താക്കരയിൽ ഫർണീച്ചർ കടയിൽ തീപിടുത്തം

തൃശൂർ:ഇന്ന് പുലർച്ചെ മൂന്ന് മണിയോടെയാണ് തീ പടർന്നത്.വിവരമറിഞ്ഞ് തൃശൂരിൽ നിന്നും പുതുക്കാട് നിന്നും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി ഫയർ ഫോഴ്സിന്റെ യൂണിറ്റുകൾ സ്ഥലത്തെത്തിയാണ് തീയണച്ചത്.. . ഫർണീച്ചർ കട പൂർണമായി കത്തിനശിച്ചിട്ടുണ്ട്.ലക്ഷങ്ങളുടെ നാശനഷ്ടം ഉണ്ടായെന്നാണ് സംശയിക്കുന്നത്.അപകടസമയത്ത് ശക്തമായ മഴ പെയ്തതിനാൽ തീ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിച്ചില്ല.അപകടത്തിന്റെ കാരണം സംബന്ധിച്ച് വിശദമായ പരിശോധന നടത്തും.

ദിലീപ് അന്നത് ചെയ്തതിന്റെ കാരണം ഉന്നത ബന്ധങ്ങൾ, സൂപ്പർ സ്റ്റാറുകൾക്ക് കഴിയാത്ത കാര്യവും ചെയ്തു

കൊച്ചി: 2008ൽ സിനിമയിലെ പവർ ഗ്രൂപ്പിനെ നിയന്ത്രിച്ചിരുന്നത് ദിലീപാണെന്ന് ആവർത്തിച്ച് സംവിധായകൻ വിനയൻ. പല സൂപ്പർ സ്റ്റാറുകൾ പോലും പ്രൊഡ്യൂസ് ചെയ്യാൻ മടിച്ച ടിന്റി ടന്റി പോലുള്ള ഒരു സിനിമ ചെയ്യാൻ അന്ന് ദിലീപിന് മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. അതിന് കാരണം ദിലീപിന്റെ ബന്ധങ്ങളാണെന്നും വിനയൻ പറഞ്ഞു. ഒരു ചാനലിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

എന്നെ മുൻനിർത്തി ആഷിക് അബു പുതിയൊരു സംഘടന തുടങ്ങുന്നു എന്ന് കേൾക്കുന്നുണ്ട്. അതിൽ വാസ്തവമില്ല. ഉണ്ണികൃഷ്ണനെ ഒഴിവാക്കണമെന്ന് ഞാൻ പറഞ്ഞപ്പോൾ അതിനെ പിന്തുണച്ചുകൊണ്ട് അദ്ദേഹം എത്തിയത് കണ്ടു. അപ്പോഴാണ് ആഷിക് അബുവൊക്കെ എന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് മനസിലായത്. ഞാനൊരു പുതിയ യൂണിയനുണ്ടാക്കാനോ അതിന്റെ നേതൃത്വത്തിൽ വരാനോ താൽപ്പര്യപ്പെടുന്നില്ല.

ആഷിക് അബു അല്ലെങ്കിൽ മറ്റൊരു വ്യക്തി പുതിയൊരു യൂണിയൻ തുടങ്ങിയാൽ അത് നല്ലതാണെന്ന് ഞാൻ പറയും. ഭാവിയിൽ താൽപ്പര്യം തോന്നിയാൽ ഞാനതിന്റെ ഭാഗമായേക്കും. അതല്ലാതെ ഒരു സംഘടനയുണ്ടാക്കാനും വിനയനില്ല. ഫെഫ്കയുടെ ജനറൽ സെക്രട്ടറിക്ക് അങ്ങനെയൊരു ടെൻഷൻ വേണ്ട. ഫെഫ്കയിലെ തൊഴിലാളികൾ എന്റെ കൂടി സഹോദരന്മാരാണ്. അവർക്കുവേണ്ടി ആദ്യം പോരാടിയത് ഞാനാണ്. സ്നേഹവും ബഹുമാനവും എനിക്കവരോടുണ്ട്.

പൃഥ്വിരാജിന്റെ അപ്രഖ്യാപിത വിലക്ക് അത്ഭുത ദീപിലൂടെയാണ് മാറിയത്. അന്ന് അദ്ദേഹമാണ് നായകനെന്ന് ആരോടും പറഞ്ഞിരുന്നില്ല. രണ്ടരയടി പൊക്കമുള്ള പക്രുവാണ് നായകൻ. അതുപോലുള്ള ഒരുപാടുപേരുണ്ടെന്നും ഞാൻ അനൗൺസ് ചെയ്തു. കൽപ്പനയാണ് അന്നെന്നെ സപ്പോർട്ട് ചെയ്തത്. പൃഥ്വിരാജാണ് നായകനെന്ന് പറയണ്ടെന്ന് പറഞ്ഞു. ഞാൻ ജഗദീഷിന്റെയും ജഗതി ശ്രീകുമാറിന്റെയും ഉൾപ്പെടെ സംഘടനയിലുള്ള എല്ലാ താരങ്ങളിൽ നിന്നും ഞാൻ എഗ്രിമെന്റ് എഴുതി വാങ്ങി.

സിനിമ തുടങ്ങുന്നതിന് തൊട്ടുമുമ്പുള്ള ദിവസമാണ് പൃഥ്വിരാജ് കൂടി നായകനായുണ്ടെന്ന് പറഞ്ഞത്. സിനിമയിൽ നിന്ന് പിന്മാറുന്നവർക്കെതിരെ ഞാൻ കേസിന് പോകുമെന്നും പറഞ്ഞു. എങ്കിൽ വൻ തുക അവർ നഷ്ടപരിഹാരം നൽകേണ്ടി വന്നേനെ. അങ്ങനെയാണ് പൃഥ്വിരാജിന്റെ വിലക്ക് മാറിയത്. ഇങ്ങനെയൊരു പടം ചെയ്താൽ പിന്നെ അയാളെ വിലക്കി എന്നു പറഞ്ഞ് നടന്നിട്ട് കാര്യമില്ലല്ലോ. ഇതിന്റെ പേരിൽ പൃഥ്വിരാജ് എനിക്ക് അനുകൂലമായി പറയണമെന്നോ പ്രസ്താവന നടത്തണമെന്നോ ഞാൻ പറഞ്ഞിട്ടില്ല.

പല പുതുമുഖ നടീ നടന്മാരെ ഞാൻ സിനിമാ രംഗത്തേക്ക് കൊണ്ടുവന്നിട്ടുണ്ട്. അവരിൽ ഭൂരിഭാഗവും ഇന്ന് പ്രമുഖരാണ്. ഞാൻ ബുദ്ധിമുട്ടിയ സമയത്ത് ആരും പിന്തുണച്ചില്ല. പലരും കാണുമ്പോൾ പോലും മുങ്ങി നടക്കുമായിരുന്നു. സാറിന്റെ ഭാഗത്ത് ന്യായമുണ്ടെന്നോ അല്ലെങ്കിൽ തെറ്റുണ്ടെന്നോ ആരും പറഞ്ഞിട്ടില്ല. കലാഭവൻ മണി വീട്ടിൽ വന്ന് കരഞ്ഞു. സാറിനെ സഹായിക്കാമെന്ന് പറഞ്ഞു. നിന്റെ സ്നേഹം മാത്രം മതിയെന്നാണ് അന്ന് ഞാൻ പറഞ്ഞത്.

ഇപ്പോൾ ദിലീപിന് പവർ ഗ്രൂപ്പുമായി ബന്ധമില്ല. 2008ൽ സിനിമയിലെ പവർ ഗ്രൂപ്പുണ്ടായിരുന്ന കാലത്ത് ടിന്റി ടന്റി പോലൊരു സിനിമ ചെയ്യാൻ ദിലീപിനെ കഴിഞ്ഞുള്ളൂ. അത് അത്രയും ബന്ധങ്ങൾ ഉള്ളതുകൊണ്ടാണ്. അദ്ദേഹം സൂപ്പർ സ്റ്റാറാകുന്നതിന് മുമ്പ് പത്തോളം ചിത്രങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

RP: 73/2023
OS: 559/2020

ലിസ്സി ജോൺസൺ
–വാദി/ഹരജിക്കാരി
മുകുന്ദപുരം താലൂക്ക് കല്ലൂർ വില്ലേജ് നായരങ്ങാടി ദേശത്ത് വട്ടക്കുഴി വീട്ടിൽ പൗലോസ് മകൻ 52 വയസ് ബിസിനസ് ഫ്രീജോ വി പി
–പ്രതി/എതൃകക്ഷി

മേൽ നമ്പറിൽ പ്രതിക്കുള്ള സമൻസും IA: 3/2020 ലെ നോട്ടീസും ടിയാന്റെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുന്നതിനനുവദിച്ച് മേൽ നമ്പർ കേസ് **04–10–2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ തർക്കമുള്ളവർ അന്നേ തിയ്യതി കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

നീതി ഷോപ്പിംഗ് വില്ലേജ് നാളെ തുറക്കും

തൃപ്രയാർ :നാട്ടിക സാമൂഹ്യ ക്ഷേമ സഹകരണ സംഘത്തിന്റെ കീഴിൽ ടെമ്പിൾ റോഡിൽ പോളി ജംഗ്ഷനിൽ നീതി ഷോപ്പിംഗ് വില്ലേജ് നാളെ രാവിലെ 9.30ന് (05.09.2024) സംസ്ഥാന പ്രതിപക്ഷ നേതാവ് വി. ഡി.സതീശൻ ഉദ്ഘാടനം നിർവഹിക്കും. നാട്ടിക എം.എൽ.എ. സി.സി. മുകുന്ദൻ ആദ്യ വില്പന നടത്തും. സംഘം പ്രസിഡണ്ട് അനിൽ പുളിക്കൽ അധ്യക്ഷതവഹിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം. ആർ. ദിനേശൻ അഡ്വക്കേറ്റ് എ.യു രഘുരാമ പണിക്കർ സി.പി.സാലിഹ് എന്നിവർ വിശിഷ്ട സാന്നിധ്യവും ശ്രീദേവി മാധവൻ, റസീന ഖാലിദ്, പി.വി. സെന്തിൽ കുമാർ എന്നിവർ സാന്നിധ്യവും അരുളും. നിത്യജീവിതത്തിലെ നിത്യോപയോഗ സാധനങ്ങൾ ഭൂരിഭാഗവും ഒരു കുടക്കീഴിൽ വരുന്ന സ്ഥാപനമാണ് നീതി ഷോപ്പിംഗ് വില്ലേജ് മികച്ച ഗുണമേന്മയും കുടുംബ ബഡ്ജറ്റിന്റെ താളം തെറ്റിക്കാത്ത വില നിലവാരവും ഷോപ്പിംഗ് വില്ലേജിന്റെ പ്രത്യേകതയാണ്. പലസാധനങ്ങൾക്കും എം ആർ പി . വിലയേക്കാൾ കുറഞ്ഞ വിലക്കാണ് ഇവിടെ വിൽപ്പന നടക്കുക. പലചരക്ക്,പച്ചക്കറി, ഫ്രൂട്സ്, ജെന്റ്സ് ഗാർമെന്റ്സ്, വസ്ത്രാലയ, ബോട്ടിക്, ഗിഫ്റ്റ്, ടോയ്സ്, സ്റ്റേഷനറി, ചെരുപ്പ്, ബാഗ്, ഫാൻസി, ഫാഷൻ ഡിസൈനിങ് സ്റ്റുഡിയോ, കറി പോയിന്റ്, പൊറോട്ട ചപ്പാത്തി ഹോൾസെയിൽ, ചായ, ജ്യൂസ്, ഷെയ്ക്ക്, ഐസ്ക്രീം,ഫലൂദ, ഷവർമ,മോജിറ്റോ, സ്നാക്സ്, മലബാർ വിഭവങ്ങൾ, ബിരിയാണി, എന്നിവയാണ് ഈ സ്ഥാപനത്തിലൂടെ ലഭ്യമാകുക.

കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങൾ

0409 2024 ജമഴല 1 രീ്യ 500സംരംഭകർക്കായി 3 ദിവസത്തെ വർക്ഷോപ്പ്എം.എസ്.എം.ഇ മേഖലയിലെ കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങളെക്കുറിച്ച് അറിവ് നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് 3 ദിവസത്തെ വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 9 മുതൽ 11 വരെ കളമശ്ശേരിയിലുള്ള ക്യാമ്പസ്സിലാണ് പരിശീലനം നടക്കുന്നത്. എം.എസ്.എം.ഇ മേഖലയിലെ സംരംഭകർ/സംരംഭകർ ആകുവാൻ ആഗ്രഹിക്കുന്നവർ എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. 2,950 രൂപയാണ് 3 ദിവസത്തത്ത പരിശീലനത്തിന്റെ ഫീസ്. (കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് ഫീസ്. പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് ഫീസ്.

തിരുവനന്തപുരത്ത് ന്യൂ ഇന്ത്യ ഇൻഷുറൻസ് ഓഫീസിൽ വൻ തീപിടിത്തം; രണ്ടുസ്ത്രീകൾക്ക് ദാരുണാന്ത്യം

തിരു: തിരുവനന്തപുരം -പാപ്പനംകോട് ന്യൂ ഇന്ത്യ ഇൻഷുറൻസ് ഓഫീസിൽ വൻ തീപിടിത്തം. രണ്ട് സ്ത്രീകൾക്ക് ദാരുണാന്ത്യം സംഭവിച്ചു.

ജീവനക്കാരിയായ വൈഷ്ണയാണ് (35) മരിച്ചവരിലൊരാളെന്നാണ് വിവരം.രണ്ടാമത്തെയാളെ തിരിച്ചറിഞ്ഞിട്ടില്ല.ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനിയുടെ ഫ്രാഞ്ചൈസി ഏറ്റെടുത്തു നടത്തുകയായിരുന്നു മരിച്ച വൈഷ്ണ.മരിച്ച രണ്ടാമത്തെ സ്ത്രീ ഇൻഷുറൻസ് ഇടപാടുകൾക്കായി വന്നതാണെന്നാണു സംശയിക്കുന്നത്. തീ പടരുന്നതു കണ്ടു സ്ത്രീകൾ പിന്നിലെ വാതിലിലൂടെ രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും അതിനു കഴിഞ്ഞില്ല.

ഗുരുതരമായി പൊള്ളലേറ്റ രണ്ടുപേരെയും മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രക്ഷിക്കാനായില്ല.തീപിടിത്തത്തിനു കാരണം എന്താണെന്നു വ്യക്തമായിട്ടില്ല. ഓഫീസ് പൂർണ്ണമായി കത്തി നശിച്ച നിലയിലാണ്. നഗരമധ്യത്തിൽ കടകൾക്കു മുകൾ നിലയിലുള്ള കെട്ടിടത്തിലാണ് ഓഫിസ് പ്രവർത്തിക്കുന്നത്.മരിച്ച രണ്ടാമത്തെ ആൾ പുറത്തുനിന്ന് ഓഫീസിലെത്തിയതാണ്. ഇവർ ഓഫീസിലെത്തിയതിന് ശേഷം ഉച്ചത്തിൽ സംസാരം കേട്ടുവെന്ന് കെട്ടിടത്തിന് സമീപത്ത് നിന്നിരുന്ന ഒരാൾ മാധ്യമങ്ങളോട് പറഞ്ഞു..ഓഫീസ് പ്രവർത്തിക്കുന്ന മുറിക്കുള്ളിൽ നിന്ന് പെട്ടെന്നാണ് തീ ആളിപ്പടർന്നത്.

ആദ്യം ഗ്ലാസ് പൊട്ടിത്തെറിച്ചു. ഇതിന് ശേഷം പുകയും തീയും പുറത്തുവന്നു. അപ്പോഴും ആരും പുറത്തേക്ക് വന്നില്ല.നാട്ടുകാർ തീ അണയ്ക്കാൻ ഓടിക്കൂടി. വൈഷ്ണമാത്രമാണ് ഓഫീസിൽ ജോലി ചെയ്യുന്നത്.ഓഫീസ് മുറിക്കുള്ളിലെ എ.സി. കത്തിനശിച്ചിട്ടുണ്ട്. ഇത് പൊട്ടിത്തെറിച്ചതാണോ,അതോ ആരെങ്കിലും തീയിട്ടതാണോ എന്നതിനേപ്പറ്റി പരിശോധന നടക്കുന്നുണ്ട്.

മൃതദേഹങ്ങൾ കത്തിക്കരിഞ്ഞ നിലയിലാണ്. ഓഫീസ് പൂർണമായും കത്തിനശിച്ചു. താഴത്തെ നിലയിലെ സ്ഥാപനങ്ങൾക്ക് ഒന്നും സംഭവിച്ചിട്ടില്ല. തീപിടിത്തത്തിന്റെ കാരണം വ്യക്തമല്ല. നാട്ടുകാരാണ് ആദ്യം രക്ഷാപ്രവർത്തനത്തിനെത്തിയത്.

ഫയർ ഫോഴ്സ് എത്താൻ വൈകിയെന്ന് നാട്ടുകാർ ആരോപിച്ചു. നഗരമദ്ധ്യത്തിലാണ് ന്യൂ ഇന്ത്യ ഇൻഷുറൻസ് ഓഫീസ് പ്രവർത്തിക്കുന്നത്. അതേസമയം തീ നിയന്ത്രണവിധേയമാക്കിയതായി ഫയർ ഫോഴ്സ് അറിയിച്ചു.

എസ്ബിഐ ലൈഫ് ഇൻഷുറൻസ് ഡിജിറ്റൽ ഫിലിം പുറത്തിറക്കി

കൊച്ചി: ഇന്ത്യൻ അത്‌ലറ്റുകളുടെ അത്യുജ്വല പ്രകടനത്തെ അംഗീകരിച്ചു കൊണ്ടും പാരിസിലെ പാരാലിമ്പിക്സിലെ ഇന്ത്യൻ സംഘത്തിനുള്ള പിന്തുണയുടെ ഭാഗമായും എസ്ബിഐ ലൈഫ് ഇൻഷുറൻസ് പുതിയ ഡിജിറ്റൽ ഫിലിം പുറത്തിറക്കി. മൂന്ന് അ ംംം തുല്യ അത്‌ലറ്റുകളായ പാരാ അത്‌ലറ്റ് റണ്ണറായ സിംറാൻ ഷർമ, പാരാ അത്‌ലറ്റ് പവർ ംംംംംം ംംം ലിഫ്റ്ററായ അശോക് മാലിക്, പാരാ അത്‌ലറ്റ് ഷൂട്ടറായ മോണ അഗർവാൾ എന്നിവരുടെ ആവേശകരമായ കഥകൾക്ക് ജീവൻ പകരുന്നതാണ് ഈ ഡിജിറ്റൽ ഫിലിം

ഒല്ലൂർ ഫൊറോന പള്ളിയിൽ വി. എവുപ്രാസ്യ തിരുനാൾ ആഘോഷിച്ചു

ഒല്ലൂർ:ഫൊറോന പള്ളിയിൽ പ്രതിഷ്ഠിച്ചിട്ടുള്ള വി. എവുപ്രാസ്യയുടെ പതിനേഴാമത് തിരുനാൾ പതിവു പോലെ ആഘോഷിച്ചു. ആഘോഷമായ തിരുനാൾ കുർബാന, പ്രസംഗം, ലദീഞ്ഞ് നൊവേന എന്നിവക്ക് ഫാ. ആൽബിൻ ചൂണ്ടൽ കാർമ്മികത്വം വഹിച്ചു. തിരുശേഷിപ്പ് മുത്തിക്കലിന് ഫൊറോന വികാരി ഫാ. ആന്റണി ചിറ്റിലപ്പിള്ളി, ഫാ. ഷിന്റൊ മാറോക്കി എന്നിവരും നേർച്ചയപ്പ വിതരണത്തിന് ട്രസ്റ്റി മാരായ പോൾ കുണ്ടുകുളം, ആന്റണി മാണി ചാക്കു,റാഫി ചമ്മണം,സെബി വല്ലച്ചിറക്കാരൻ എന്നിവരും നേതൃത്വം നല്കി.

കൊട്ടിലാക്കൽ ഗണപതി ക്ഷേത്രത്തിലെ വിനായക ചതുർത്ഥി ആഘോഷം സെപ്തംബർ 7ന്

ഇരിങ്ങാലക്കുട : കൂടൽമാണിക്യം ദേവസ്വം കൊട്ടിലാക്കൽ ഗണപതി ക്ഷേത്രത്തിലെ വിനായക ചതുർത്ഥി സെപ്തംബർ 7ന് ആഘോഷിക്കും. രാവിലെ തന്ത്രിയുടെ നേതൃത്വത്തിൽ മഹാഗണപതി ഹോമവും വിശേഷാൽ പൂജകളും ഉണ്ടാകും. തുടർന്ന് രാവിലെ 9 മണി മുതൽ പെരുവനം പ്രകാശൻ മാരാരുടെ പ്രമാണിയായി പഞ്ചാരിമേളം അരങ്ങേറും. സന്ധ്യയ്ക്ക് കേളി, ദീപാരാധന, അപ്പം, നിവേദ്യം എന്നിവ ഉണ്ടാകും. തുടർന്ന് ഇരിങ്ങാലക്കുട കളിയരങ്ങ് അവതരിപ്പിക്കുന്ന "ഗണപതി പ്രാതൽ" കഥകളി അരങ്ങേറും.

മലപ്പുറം പെരുമ്പടപ്പിൽ വീടിന് തീപിടിച്ച് അഞ്ച് പേർക്ക് പൊള്ളലേറ്റു; 3 പേരുടെ നില അതീവ ഗുരുതരം

മലപ്പുറം: പെരുമ്പടപ്പിൽ പുറങ്ങിൽ വീടിന് തീപിടിച്ച് അഞ്ച് പേർക്ക് പൊള്ളലേറ്റു. മൂന്നുപേരുടെ നില ഗുരുതരമെന്നാണ് വിവരം. പുറങ്ങ് പള്ളിപ്പടി തൂക്ക് പാലത്തിന് സമീപത്ത് താമസിക്കുന്ന ഏറാട്ട് വീട്ടിൽ സരസ്വതി, മകൻ മണികണ്ഠൻ, ഭാര്യ റീന, മക്കളായ അനിരുദ്ധൻ, നന്ദന എന്നിവർക്കാണ് പൊള്ളലേറ്റത്. ഇന്ന് പുലർച്ചെ ഒരു മണിയോടെ വീടിന്റെ ഒരു മുറിയിലാണ് തീപിടുത്തം ഉണ്ടായത്. ബഹളം കേട്ട് ഓടിയെത്തിയ നാട്ടുകാർ വാതിൽ ചവിട്ടി പൊളിച്ചാണ് ഇവരെ പുറത്തെടുത്തത്. പരിക്കേറ്റവരെ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പൊള്ളലേറ്റവരിൽ മണികണ്ഠൻ, റീന, സരസ്വതി എന്നിവരുടെ നില ഗുരുതരമെന്നാണ് ലഭിക്കുന്ന വിവരം. ഇവർക്ക് 90 ശതമാനത്തിലേറെ പൊള്ളലേറ്റിട്ടുണ്ട്. ബേൺസ് ഐസിയുവിൽ മൂന്ന് പേരും ചികിത്സയിൽ കഴിയുകയാണ്. സാമ്പത്തിക ബാധ്യതയെ തുടർന്നുള്ള ആത്മഹത്യാ ശ്രമമാണ് നടന്നതെന്നാണ് ലഭിക്കുന്ന പ്രാഥമിക വിവരം.

തൃശൂർ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ പി ടി എ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ബഫീക്ക് ബക്കർ

വയനാട് ദുരിതബാധിതർക്ക് 10 വീടുകൾ നിർമ്മിച്ച് നൽകും: ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ

സമാഹരിച്ച ഒരു കോടിയിൽ പരം രൂപ സെപ്തംബർ 10 ന് കൈമാറും

ഇരിങ്ങാലക്കുട : വയനാട് ദുരിതബാധിതർക്കായി ഇരിങ്ങാലക്കുട രൂപതയുടെ നേതൃത്വത്തിൽ പത്ത് വീടുകൾ നിർമ്മിച്ച് നൽകുമെന്ന് രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അറിയിച്ചു. ഇതിനകം സമാഹരിച്ച് കഴിഞ്ഞ ഒരു കോടിയിൽ പരം രൂപ സെപ്തംബർ 10 ന് കൈമാറുമെന്നും ബിഷപ്പ് അറിയിച്ചു. രൂപതയുടെ നേതൃത്വത്തിൽ ബിഷപ്പ് ഹൗസിൽ സംഘടിപ്പിച്ച പ്രാദേശികമാധ്യമപ്രവർത്തകരുടെ കൂട്ടായ്മയിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനാധിപത്യമൂല്യങ്ങളെ നിലനിറുത്താൻ മാധ്യമങ്ങൾ ജാഗ്രതയോടെ നിലകൊള്ളേണ്ടതുണ്ടെന്നും ബിഷപ്പ് പറഞ്ഞു. രൂപത വികാരി ജനറൽമാരായ മോൺ .ജോസ് മാളിയേക്കൽ, മോൺ. വിൽസൺ ഈരത്തറ, ഫൈനാൻസ് ഓഫീസർ ഫാ ലിജോ കോങ്കോത്ത്, പിആർഒ ഫാ ജിനോ ജോണി മാളക്കാരൻ,അസി. പിആർഒ ഫാ ജോസ് തളിയത്ത്, ഫാ ജയ്സൻ വടക്കുംഞ്ചേരി, ഫാ റിജോയ് പഴയാറ്റിൽ, ദീപിക സബ് എഡിറ്റർ സെബി മാളിയേക്കൽ, വിവിധ പ്രസ് ക്ലബ് ഭാരവാഹികളായ നവീൻ ഭഗീരഥൻ, പി കെ സിദിഖ്, വിൽസൻ മേച്ചേരി, ഗിരീഷ് ഉണ്ണികൃഷ്ണൻ, പി കെ എം അഷ്റഫ്, തോമസ് കോമ്പാറ, ഷാന്റി ജോസഫ് ഐ ആർ രാജൻ, ജബാർ തുടങ്ങിയവർ സംസാരിച്ചു.



ഇരിങ്ങാലക്കുട ഡോ. കെ എൻ പിഷാരടി സ്മാരക കഥകളി ക്ലബ്ബ് ഒരുക്കിയ 'ആഗ്നിക' യുടെ ഭാഗമായി നടന്ന കർണ്ണാടകസംഗീതക്കച്ചേരിയിൽ എൻ ജയകൃഷ്ണനുണ്ണി പാടുന്നു. കൂടെ വയലിനിൽ ഡോക്ടർ എൻ സമ്പത്തും മൃദംഗത്തിൽ എ ബാലകൃഷ്ണക്കമ്മത്തും

ജില്ലയിലെ കൃഷിവകുപ്പ് ഓണച്ചന്ത സെപ്തംബർ 11 മുതൽ

തൃശൂർ: ഓണച്ചന്തകളുടെ പ്രവർത്തനവും ഏകോപനവും ചർച്ച ചെയ്യുന്നതിനായി ജില്ലാതല കമ്മറ്റി എ.ഡി.എ ടി. മുരളിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു.

ജില്ലയിൽ ഓണക്കാലത്ത് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സെപ്തംബർ 11 മുതൽ 14 വരെ തീയതികളിൽ കൃഷിഭവൻ തലത്തിൽ 105 ചന്തകളും, വിഎഫ്പിസികെയുടെ 16 ചന്തകളും, ഹോർട്ടികോർപ്പിന്റെ 60 ചന്തകളും, കുടുംബശ്രീ മിഷന്റെ 200 ചന്തകളും പ്രവർത്തിക്കാൻ തീരുമാനമായി. ഓണച്ചന്തകളിലൂടെ കർഷകരുടെ പഴം-പച്ചക്കറികളും, മറ്റു മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും പൊതുവിപണിയിലെ ചില്ലറ വിൽപ്പന വിലയേക്കാൾ 30 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും യോഗത്തിൽ തീരുമാനമായി.

എ.ഡി.എമ്മിന്റെ ചേംബറിൽ ചേർന്ന യോഗത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിങ്ങ്), വിഎഫ്പിസികെ, ഹോർട്ടികോർപ്പ്, ജില്ലാ മാനേജർമാർ, കർഷക പ്രതിനിധികൾ, കുടുംബശ്രീ മിഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

നിര്യാതരായി

ബിജു

ഇരിങ്ങാലക്കുട: മുല്ലക്കാട് ചേലക്കാട്ടുപറമ്പിൽ അന്തോണിയുടെ മകൻ ബിജു (52) നിര്യാതനായി ഭാര്യ: സിജി മക്കൾ: ബെൻസൻ, ബെസാനിയോ

ഇന്ദു മതി അമ്മ

കാരുകുളങ്ങര പൊതുവത്ത് പരേതനായ ബാലകൃഷ്ണ മേനോന്റെ ഭാര്യ തൈലോത്ത് ഇരുമതി അമ്മ (92) നിര്യാതയായി മക്കൾ: വത്സ, ബാലഗോപാൽ (പരേതൻ), വൃന്ദ, സുധ, ശോഭ വേണുഗോപാൽ, നന്ദഗോപാൽ. സംസ്കാരംവീട്ടുവളപ്പിൽ നടത്തപ്പെട്ടു,

ശബ്ദമിത്രം ഭാഷാ പഠനസഹായി പ്രകാശനം ചെയ്തു

കോഴിക്കോട് :- സാക്ഷി ടൗൺഹാളിൽ സംഘടിപ്പിച്ച സർഗോത്സവത്തിൽ വെച്ച് ഭാഷാ പണ്ഡിതൻ കാനം ജയകുമാർ രചിച്ച ശബ്ദമിത്രം ഭാഷാ പഠനസഹായി സാമൂഹിക പ്രവർത്തകൻ കരീപന്നിത്തടം പ്രശസ്ത എഴുത്തുകാരി ജാനമ്മ കുഞ്ഞുണ്ണിയ്ക്ക് നൽകി പ്രകാശനം ചെയ്തു.സാക്ഷി പ്രസിഡണ്ട് തൃശ്ശൂർ വിശ്വം അദ്ധ്യക്ഷത വഹിച്ചു.

സെക്രട്ടറി അനസ്ബി, എഴുത്തുകാരായ വള്ളത്തോൾ രവീന്ദ്രനാഥ്,എളവൂർ വിജയൻ,രാമവാര്യർ, ഷൈലജ സീന, ദാസ് ഭട്ടിതിരി, ജയാറോയ്, ഇന്ദിരാദേവി, ലളിത വിജയൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

തെങ്ങിന് തടം മണ്ണിന് ജലം; പദ്ധതിക്ക് ജില്ലയിൽ തുടക്കമായി

കുന്നംകുളം: "തെങ്ങിന് തടം മണ്ണിനു ജലം" ജില്ലാതല ഉദ്ഘാടനം പുന്നയൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പഞ്ചവടി ക്ഷേത്രത്തിനോട് അനുബന്ധിച്ച 4 ഏക്കറോളം വരുന്ന സ്ഥലത്ത് എംഎൽഎ എൻ.കെ അക്ബർ ഉദ്ഘാടനം ചെയ്തു. ഹരിത കേരളം മിഷന്റെ തനത് പദ്ധതിയായ "തെങ്ങിന് തടം മണ്ണിന് ജലം" ക്യാമ്പയിൻ ഭൂജലനിരപ്പ് ഉയർത്തുന്നതിന് ഏറെ സഹായകരമായ ഒരു ജല സംരക്ഷണ പ്രവർത്തനമാണ്. തെങ്ങുകൾക്ക് വിളപരിപാലനം എന്നതിലുപരി തെങ്ങിൻ തടങ്ങൾ ജലസംഭരണ സംവിധാനങ്ങൾ ആയും പ്രവർത്തിക്കുന്നുണ്ട്. ചടങ്ങിൽ പഞ്ചായത്ത് പ്രസിഡണ്ട് ടി.വി സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. ഹരിത കേരളം ജില്ലാ മിഷൻ കോഡിനേറ്റർ സി. ദിദിക പദ്ധതി വിശദീകരണം നടത്തി. വൈസ് പ്രസിഡണ്ട് സുഹറ ബക്കർ, ബ്ലോക്ക് മെമ്പർ, പഞ്ചായത്ത് മെമ്പർ, ക്ഷേത്രം ഭാരവാഹികൾ തുടങ്ങിയവർ സംസാരിച്ചു.

ശിൽപശാല നടത്തി

തൃശൂർ: ഫാറ്റി മനർ സഹകരണ ബാങ്കിൽ സഹകരണ രംഗത്തെ പുതിയ നിയമനിർമ്മാണങ്ങളെ കുറിച്ച് ശിൽപശാല നടത്തി ബാങ്ക് ജീവനക്കാർ, ഭരണ സമിതി അംഗങ്ങൾ, ബാങ്ക് ഓഹരി ഉടമകൾ എന്നിവർ പങ്കെടുത്തു ബാങ്ക് പ്രസിഡന്റ് ബൈജു വർഗിസ് ഉദ്ഘാടനം ചെയ്തു വൈസ് പ്രസിഡന്റ് സേവ്യർ ചേലപ്പാടൻ അദ്ധ്യക്ഷത വഹിച്ചു.ബാങ്ക് ഡയറക്ടർ ടി.ആർ സന്തോഷ് സെക്രട്ടറി .സി.ബാലൻ എന്നിവർ പ്രസംഗിച്ചു. സഹകരണ വകുപ്പ് മുൻ അസി: രജിസ്ട്രാർ ജോയ് ഫ്രാൻസിസ് ശിൽപശാലയിൽ ക്ലാസെടുത്തു: തൃശൂർ ഫാത്തിമ നഗർ സഹകരണ ബാങ്കിൽ നടത്തിയ സഹകരണ ശില്പശാല ബാങ്ക് പ്രസിഡന്റ് ബൈജു വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു

ബിൽഡേഴ്സ് അസ്സോസിയേഷൻ 4 കോടി സംഭാവന ചെയ്തു

തൃശൂർ: വയനാട് പ്രകൃതി ദുരന്തത്തിൽ വിദ്യാഭ്യാസ സൗകര്യം നഷ്ടപ്പെട്ട, വെള്ളാർമല സ്കൂളിലെയും , മുണ്ടക്കായി സ്കൂളിലെയും 650 ഓളം വരുന്ന വിദ്യാർത്ഥികളെ മേപ്പാടി ഗവർമ്മെന്റ് ഹൈസ്കൂളിലേക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി, കോൺട്രാക്ടർമാരുടെയും, ബിൽഡർമാരുടെയും അഖിലേന്ത്യാ സംഘടനയായ 'ബിൽഡേഴ്സ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ' 12 പുതിയ ക്ലാസ്സ് റൂമുകൾ നിർമ്മിച്ചു നൽകുന്നു.

പ്രസ്തുത പ്രവർത്തിയുടെ ശിലാസ്ഥാപന കർമ്മം, മന്ത്രിമാരായ കേളു, ശശീന്ദ്രൻ, കൽപറ്റ എം.എൽ.എ ടി. സിദ്ധിക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ എന്നിവരുടെ സാന്നിധ്യത്തിൽ, വിദ്യഭ്യാസ വകുപ്പുമന്ത്രി ശിവൻകുട്ടി 2-09-24 ന് മേപ്പാടി സ്കൂളിൽ വെച്ച് നിർവ്വഹിച്ചു.

രണ്ടാം ഘട്ടത്തിൽ 150 ഓളം വിദ്യർത്ഥികൾക്ക് താമസിക്കുവാനായി ഹോസ്റ്റൽ സൗകര്യങ്ങൾ, സർക്കാർ നിർദ്ദേശിക്കുന്ന സ്ഥലത്ത് നിർമ്മിച്ചു നൽകാനും തീരുമാനമായിട്ടുണ്ട്.

സാമൂഹിക പ്രതിബന്ധതയുടെ ഭാഗമായി 4 കോടിയിലധികം ചിലവുവരുന്ന , മേൽ പറഞ്ഞ നിർമ്മാണ പ്രവർത്തികൾ സർക്കാർ പറയുന്ന തീതിയിൽ തികച്ചും സൗജന്യമായാണ് ബി എ ഐ നിർമ്മിച്ചു നൽകുന്നത്.

ബി എ ഐ യുടെ ദേശീയ വൈസ് പ്രസിഡന്റ് ശിവകുമാർ, സ്റ്റേറ്റ് ചെയർമാൻ സുരേഷ് പൊറ്റെക്കാട്ട്, സ്റ്റേറ്റ് സെക്രട്ടറി മിജോയ്, സ്റ്റേറ്റ് ട്രഷറർ സതീഷ്കുമാർ, കോഴിക്കോട് സെന്റർ ചെയർമാൻ സുബൈർ കൊളക്കാടൻ, എംസി മെമ്പർ ഖാലിദ് എന്നിവർ പങ്കെടുത്തു.

മെഡിക്കൽ കോളേജിൽ നിയമനം

തൃശ്ശൂർ: ഗവ. മെഡിക്കൽ കോളേജിൽ ഓർത്തോപീഡിക്സ്, ജനറൽ സർജറി, പീഡിയാട്രിക്സ്, പാത്തോളജി എന്നീ വിഭാഗങ്ങളിൽ നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർ/സീനിയർ റെസിഡന്റ് ഒഴിവുകൾ നികത്തുന്നതിനായി ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾ യോഗ്യതാ സർട്ടിഫിക്കറ്റുകൾ, ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സ്ഥിരം രെജിസ്ട്രേഷൻ, പ്രവർത്തിപരിചയം, പ്രായം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളും സഹിതം സെ. 10ന് രാവിലെ 10ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ മുളങ്കുന്നത്തുകാവിലുള്ള കാര്യാലയത്തിൽ കൂടിക്കാഴ്ച്ചയ്ക്ക് ഹാജരാകണം.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP: 1341/2023

സിന്ധു

-ഹരജിക്കാരി

സദാശിവൻ, 41 വയസ്, S/o. പത്മനാഭൻ, പുളിക്കൽ ഹൗസ്, വലപ്പാട് ബീച്ച് പി ഒ., വലപ്പാട് വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ -680567

- എതൃകക്ഷി

മേൽ നമ്പറിലെ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് കേസ് **10-09-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 30-7-2024

ഹരജിഭാഗം അഡ്വക്കേറ്റ്

കെ ജെ യദുകൃഷ്ണ

(ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

OP: 193/2024

റംഷിദ വി കെ, 33 വയസ്, D/oകുഞ്ഞിമുഹമ്മദ്, തെക്കുമുറിയിൽ ഹൗസ്, ഞമനേങ്ങാട് പി ഒ, വടക്കേക്കാട് വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല, പിൻ-679563

-ഹരജിക്കാരി

ഹാഷി, 46 വയസ്, S/o സൈനുദ്ദീൻ, കുന്നത്ത് വളപ്പിൽ ഹൗസ്, ചിറവല്ലൂർ പി ഒ., ആമയം, മലപ്പുറം ജില്ല, പിൻ-679575 ഇപ്പോഴത്തെ വിലാസം: Hashim K.S., Al-Basma Gents Saloon, R 340.61, 37 B Street, G Floor Shop 3, Al-Karama Dubai, UAE, Mob: 971504515901

-എതൃകക്ഷി

ഹരജിക്കാരി എതൃകക്ഷിയിൽ നിന്നും ഖുലപ്രകാരം വിവാഹബന്ധം വേർപ്പെടുത്തിയത് പ്രഖ്യാപിച്ചുകിട്ടുന്നതിന് വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്താൻ കല്പിച്ച് കേസ് **26-09-2024** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് എതൃകക്ഷിയോ അധികാരപ്പെടുത്തിയ അഡ്വക്കേറ്റോ ബഹു. കോടതി മുമ്പാകെ ഹാജരാകാത്ത പക്ഷം എതൃകക്ഷിയെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊ ള്ളുന്നു

എന്ന്, 19-8-2024

ഹരജിഭാഗം അഡ്വക്കേറ്റ്

ഷീബ ഫൈസൽ

(ഒപ്പ്)

കോടതി പരസ്യം

BEFORE THE HON'BLE KERALA STATE WAQF BOARD, ERNAKULAM

O.P. No. 56 of 2021

PETITIONER:

Dr. Shaik Sakeer Hussain, Aged 47 years, S/o. Late Shaik Moidheen Sahib, Vellur Colony, Patturayikkal,Thr